# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 391 20/07/2015 ൽ മറുപടിക്ക്

## സ്കൂളുകളിലെ ഉച്ച ഭക്ഷണ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>,, ഇ.ചന്ദ്രശേഖരൻ<br>,, ജി.എസ്.ജയലാൽ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) അവശ്യവസ്തുക്കളുടെ വില കുത്തനെ ഉയർന്നിട്ടും സ്കൂളുകളിലെ ഉച്ച ഭക്ഷണത്തിനുള്ള തുക വർദ്ധിപ്പിക്കാത്തത് ഉച്ച ഭക്ഷണ വിതരണത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) പ്രതിസന്ധി നേരിടുന്നില്ല, എങ്കിലും തുക വർദ്ധിപ്പിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട പരിശോധിച്ചുവരുന്നു. |
| ബി) ഉച്ച ഭക്ഷണത്തിനായി ഒരു കുട്ടിക്ക് പ്രതിദിനം എത്ര രൂപ വരെയാണ് അനുവദിച്ചത് ; ഈ തുക എത്രയായി വർദ്ധിപ്പിക്കുന്നതിനാണുദ്ദേ ശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) നിശ്ചിത അളവിൽ അരി അനുവദിക്കുന്നതിന് പുറമെ പച്ചക്കറി, പലവ്യഞ്ജനം, പയർ, എണ്ണ, വിറക്, മുട്ട, പാൽ തുടങ്ങിയവ നൽകുന്നതിന് കണ്ടിജന്റ് ഇനത്തിൽ പ്രീ-പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിന് കുട്ടിയൊന്നിന് താഴെപ്പറയും പ്രകാരം കണ്ടിജന്റ് ചാർജ്ജ് അനുവദിച്ചു നൽകുന്നു.<br><br>1) 150 കുട്ടികൾവരെയുള്ള സ്കൂളുകളിൽ കുട്ടി യൊന്നിന് പ്രതിദിനം 5/- രൂപ, 200/- രൂപ പാച കക്കൂലിയും.<br>2) 151 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടിയൊന്നിന് 6/- രൂപ (പാചക കൂലി ഉൾപ്പെടെ)<br><br>3) 501 -നു മുകളിൽ കുട്ടികൾ വരുന്ന സ്കൂളു കളിൽ 500 കുട്ടികൾ വരെ 6/- രൂപയും 500-നു മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5/- രൂപ വീതവും (പാചക കൂലി ഉൾപ്പെടെ).<br><br>തുക 7 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| സി) സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം കുടുംബശ്രീ പോലുള്ള ഏജൻസികളെ ഏല്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ? | സി) ഈ വിഷയം കുടുംബശ്രീയുമായി ചർച്ച ചെയ്തിട്ടുണ്ട്. കുടുംബശ്രീയുടെ പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ